Draft #9 of File 113600/AC A3-3/2023/General Ta Approved by ASSISTANT REGISTRAR III (ACADEMIC) on 22-Mar-2025 08:11 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എൻ.സി.സി. ദേശീയ തലത്തിൽ നടത്തുന്ന പാരാബേസിക് കോഴ്സിൽ പങ്കെടുക്കുന്ന ബിരുദ കേഡറ്റുകൾക്ക് 4% ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 2823/AC A 3/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 25.03.2025

---

*പരാമർശം:*-1.21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ്, ഇനം നമ്പർ :76/25.02/113600/ACA3-3/2023

**ഉത്തരവ്**

എൻ.സി.സി ദേശീയ തലത്തിൽ നടത്തുന്ന പാരാബേസിക് കോഴ്സിൽ പങ്കെടുക്കുന്ന ബിരുദ കേഡറ്റുകൾക്ക്, അവർക്ക് നഷ്ടമാകുന്ന അക്കാഡമിക് ക്ലാസ്സുകൾക്ക് പകരമായി 4% ഗ്രേസ് മാർക്ക് അനുവദിക്കുന്ന വിഷയം പരിഗണിക്കണമെന്ന് എൻ.സി.സി അഡീഷണൽ ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സർവകലാശാലയോട് ആവശ്യപ്പെട്ടിരുന്നു.

നിലവിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്ന സർവകലാശാലാ ഉത്തരവുകളനുസരിച്ച് എൻ.സി.സി പ്രവർത്തനങ്ങളുടെ ലിസ്റ്റിൽ പാരാബേസിക് കോഴ്സ് ഉൾപ്പെടുന്നില്ല എന്നതിനാൽ പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അന്വേഷണ കമ്മീഷനെ വൈസ് ചാൻസലർ നിയമിക്കുകയും, അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. അതിൻപ്രകാരം,

- സർവകലാശാല ഉത്തരവ് നമ്പർ:1013/01/എസിഎVIII/ 2017 തീയതി:20.02.2017 പ്രകാരം സർവകലാശാല പരീക്ഷകളിൽ പ്രൊഫഷണൽ കോഴ്സുകളല്ലാത്ത കോഴ്സുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന എൻ.സി.സി പ്രവർത്തനങ്ങളുടെ പട്ടികയിൽ എൻ.സി.സി ദേശീയ തലത്തിൽ നടത്തുന്ന പാരാബേസിക് കോഴ്സ് ഉൾപ്പെടുത്തി, ടി ഉത്തരവ് പരിഷ്കരിക്കുന്നതിനും
- സർവകലാശാല നിയമപ്രകാരം ഗ്രേസ് മാർക്ക് അനുവദിക്കാവുന്ന പരമാവധി പരിധിയായ 15% അധികരിക്കാതെ എൻ.സി.സി ദേശീയ തലത്തിൽ നടത്തുന്ന പാരാബേസിക് കോഴ്സിൽ പങ്കെടുക്കുന്ന ബിരുദ വിദ്യാർത്ഥികൾക്ക് 4% ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനും ശിപാർശ ചെയ്യുകയുണ്ടായി .

എൻ.സി.സി ദേശീയ തലത്തിൽ നടത്തുന്ന പാരാബേസിക് കോഴ്സിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക്, 4% ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് സ.ഉ.നം113600/Ac A3-3/2023

തീയതി:28.11.2024 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച മേൽ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് 21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മനോജ് ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ
3. എല്ലാ എ ആർ/ഡി .ആർ/ജെ .ആർ (അക്കാദമിക്/പരീക്ഷ)
4. എ സി സി I, എ സി സി II ,എ .സി .എ VIII സെക്ഷനുകൾ
5. ആക്ഷൻ ടേക്കൺ റിപ്പോർട്ട്
6. കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ/റെക്കോർഡ്സ് സെക്ഷൻ
7. ഐ ക്യൂ എ സി/IT Cell I ,II & III സെക്ഷനുകൾ
8. എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർ
9. കരുതൽ ഫയൽ/ഫയൽ പകർപ്പ്

Draft #9 of File 113600/AC A3-3/2023/General Ta Approved by ASSISTANT REGISTRAR III (ACADEMIC) on 22-Mar-2025 08:11 PM - Page 2